## പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2536 — 14.02.2013-ൽ മറുപടിക്ക്

### ആരോഗ്യകേരളം പരിശീലന പരിപാടിയിൽ പങ്കെടുത്തവർക്ക് ബത്ത നൽകാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) 2009 - ൽ ആരോഗ്യകേരളം പരിപാടിയുടെ ഭാഗമായി കോട്ടയം ജില്ലയിൽവച്ച് മെഡിക്കൽ ഓഫീസർമാർ ഉൾപ്പെടെയുള്ള ആരോഗ്യവകുപ്പിലെ നൂറുകണക്കിന് ജീവനക്കാർക്ക് വേണ്ടി നടത്തിയ ത്രിദിന പരിശീലന പരിപാടിയിൽ പങ്കെടുത്തവർക്ക് അനുവദനീയമായ ബത്ത ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടതിൻമേൽ ആയത് അർഹരായവർക്ക് ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;<br>(ബി) പ്രസ്തുത ബത്തകൾ അർഹരായവർക്ക് നാളിതുവരെ ലഭ്യമാക്കിയിട്ടില്ലെങ്കിൽ ആയതിന്റെ സാഹചര്യം എന്തെന്നുള്ളതിന്റെ വിശദാംശം വ്യക്തമാക്കുമോ; | (എ)<br>(ബി) 2009 - ൽ നടന്ന എച്ച്.എം.ഐ.എസ്. ട്രെയിനിംഗിൽ പങ്കെടുത്തവർ പല സ്ഥലങ്ങളിലേക്ക് മാറി പോയതിനാൽ ടി.എ./ഡി.എ. വിതരണം ചെയ്യുന്നതിനുള്ള നടപടികൾ എടുക്കാൻ സാധിച്ചിട്ടില്ല. |
| (സി) സമയബന്ധിതമായി പ്രസ്തുത ബത്തകൾ അർഹരായവർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (സി) കോട്ടയം ജില്ല എൻ.ആർ.എച്ച്.എം. എക്സിക്യൂട്ടീവ് മീറ്റിംഗിന്റെയും സ്റ്റേറ്റ് ഓഫീസിന്റെയും തീരുമാനത്തിനനുസരിച്ച് 6 മാസത്തിനകം പ്രസ്തുത തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ